# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 180** **06/07/2015-ൽ മറുപടിയ്ക്ക്**

## മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. റ്റി. ജോർജ്:**<br>**ശ്രീ. ഹൈബി ഈഡൻ:**<br>**ശ്രീ. വർക്കല കഹാർ:** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) മത്സ്യസമൃദ്ധിപദ്ധതി നടപ്പാക്കിവരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) 2012-15 കാലയളവിൽ ഉൾനാടൻ മത്സ്യോല്പാദനം നിലവിലുള്ള 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി ഉയർത്തി ഉൾനാടൻ മത്സ്യോല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുക, പദ്ധതി കാലയളവിൽ കർഷക പങ്കാളിത്തത്തോടെ കേരളത്തിലെ ജലകൃഷിക്ക് അനുയോജ്യമായ 12,000 ഹെക്ടർ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിച്ച് ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിച്ച് ഈ മേഖലയിൽ ആവശ്യാനുസരണം മത്സ്യം ലഭ്യമാക്കുകയും അതുവഴി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുക, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും അതുവഴി പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയവയായിരുന്നു മത്സ്യസമൃദ്ധി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.<br><br>പദ്ധതി നടപ്പിലാക്കിയതിലൂടെ 2012-15 വരെയുള്ള കാലയളവിൽ ആകെ 102516.712 ടൺ മത്സ്യം ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി പദ്ധതി സമയബന്ധിതമായി നടപ്പാക്കിയതോടെ കൂടുതൽ ജനപങ്കാളിത്തത്തോടെ സംസ്ഥാനത്തെ 12224 ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചു. 930 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി പദ്ധതി നടപ്പിലാക്കിയതിലൂടെ ഏകദേശം 69000 ത്തോളം കർഷകർ ഗുണഭോക്താക്കളാവുകയും അതുവഴി 20 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെട്ടു. വടക്കൻ ജില്ലകളിൽ കല്ലുമ്മേക്കായയുടെ ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുന്നതിനും പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |

(സി) ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തെല്ലാം പരിപാടികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി)

- കുളത്തിലേയും ഇതര ജലസംഭരണികളിലേയും ശുദ്ധജല മത്സ്യകൃഷി
- പാടശേഖരങ്ങളിലേയും, കോൾ പാടങ്ങളിലെയും മത്സ്യകൃഷി
- പൊക്കാളി / കൈപ്പാട് നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി
- കരിമീൻ വിത്തുല്പാദന-വില്പന യൂണിറ്റുകൾ
- കുളത്തിലെ കരിമീൻകൃഷി
- കൂടുകളിലെ കരിമീൻകൃഷി
- കൂടു കൃഷി മാതൃകാ യൂണിറ്റുകൾ
- ഞണ്ട് / കല്ലുമ്മേക്കായ കൃഷി
- പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ
- അടുക്കളകുളങ്ങൾ
- മാതൃകാ മത്സ്യകൃഷി ഫാമുകൾ
- കൃഷി / കന്നുകാലി സംയോജിത മത്സ്യ ഫാമുകൾ
- പടുതാക്കുളങ്ങളിലെ മത്സ്യകൃഷി
- മത്സ്യകൃഷി മേഖലയുമായി ബന്ധപ്പെട്ട സ്വയംതൊഴിൽ സംരംഭങ്ങൾ
- മത്സ്യകർഷക ക്ലബ്ബുകൾക്കുള്ള അടിസ്ഥാന വികസനങ്ങൾ
- മത്സ്യകർഷക ക്ലബ്ബുകളുടെ ശാക്തീകരണം
- മത്സ്യകർഷക ക്ലബ്ബുകൾക്ക് പ്രവർത്തന മൂലധനം നൽകൽ (ഒറ്റത്തവണ)
- മികച്ച കർഷകർക്ക് അവാർഡ് വിതരണം സംസ്ഥാന തലം, ജില്ലാതലം
- മത്സ്യകർഷക വികസന ഏജൻസികൾക്ക് (എഫ്. എഫ്. ഡി. എ) മണ്ണ്, ജല പരിശോധന കിറ്റുകൾ നൽകൽ
- മത്സ്യകൃഷി പരിപാലന/ ബോധവൽക്കരണ പരിപാടികൾ
- സൗജന്യ വിള ഇൻഷ്വറൻസ്
- മികച്ച കർഷകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം
- കർഷകർക്ക് ആവശ്യമായ കൈപ്പുസ്തകം തയ്യാറാക്കൽ

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കാമൊ? | (ഡി) | നിലവിലുള്ള പദ്ധതികളെക്കാൾ കൂടുതൽ ഘടകപദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടും ഉൾനാടൻ മത്സ്യകർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും കൂടുതൽ പ്രയോജനകരമായ രീതിയിൽ മത്സ്യസമൃദ്ധി II എന്ന പേരിൽ 2015–18 (3 വർഷം) വർഷത്തിൽ പുതിയൊരു പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിന് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാങ്കേതിക ഉദ്യോഗസ്ഥരേയും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ, കർഷകരിൽ നിന്നും അപേക്ഷ സ്വീകരിക്കൽ, ജലാശയങ്ങളുടെ സർവ്വേ പ്രവർത്തനങ്ങൾ, തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ആഫീസർ